പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1409 — 02.05.2017 ൽ മറുപടിക്ക്

# ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാന ജലഗതാഗത വകുപ്പ്, കേരളത്തിൽ ആലപ്പുഴ, കൊല്ലം, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിലായി 14 സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് സർവ്വീസുകൾ നടത്തിവരുന്നു. പൊതുഗതാഗത രംഗത്ത് കൂടുതൽ കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ നവീകരണം, കാര്യക്ഷമമായ റിപ്പയർ, കൂടുതൽ ആകർഷകമായ ടൂറിസ്റ്റ് സർവ്വീസുകൾ, സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിനായി അത്യാധുനിക സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജീവനക്കാർക്കു പരിശീലനം എന്നിവ വകുപ്പ് നടത്തിവരുന്നു. കാലപ്പഴക്കം ചെന്ന തടി ബോട്ടുകൾ ഘട്ടംഘട്ടമായി പിൻവലിച്ച് പകരം ആധുനിക രീതിയിലുള്ള സ്റ്റീൽ/ഫൈബർ ബോട്ടുകൾ ഉപയോഗിച്ചുവരുന്നു. നിലവിലുള്ള 14 ബോട്ടുകൾ കൂടി പിൻവലിച്ച് ആധുനിക രീതിയിലുള്ള ബോട്ടുകൾ ആക്കിമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി സി-കുട്ടനാട്, ആലപ്പുഴ-കൊല്ലം, കൊല്ലം - ആലപ്പുഴ എന്നിങ്ങനെ പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസുകൾ വകുപ്പ് വിജയകരമായി നടത്തിവരുന്നു. ഇതിനുപുറമേ വൈക്കം - എറണാകുളം, കുമരകം - കോട്ടയം എന്നീ റൂട്ടുകളിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് |

നൽകി വരുന്നു. കൊല്ലം മേഖലയിൽ സീ-അഷ്ടമുടി എന്ന പേരിൽ 2 പാസഞ്ചർ കം ടൂറിസം ബോട്ടുകൾ അനുവദിക്കുന്നതിനും ആലപ്പുഴ, എറണാകുളം മേഖലയിൽ ടൂറിസത്തിനായി അത്യാധുനിക ക്രൂയ്സ് ബോട്ടുകൾ അനുവദിക്കുന്നതിനും മുഹമ്മ, ആലപ്പുഴ, കുമരകം, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്നതിനും വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽ തന്നെ ആദ്യമായി സോളാർ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ടുപയോഗിച്ച് വൈക്കം റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു.

ബോട്ടുകൾ കൂടുതൽ കാര്യക്ഷമമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിന്റെ ഭാഗമായി കേരളത്തിൽ തന്നെ ആദ്യമായി 4 ബോട്ടുകൾ ഒരേസമയം റിപ്പയർ ചെയ്യാവുന്ന ഡ്രൈഡോക്കും സ്ലിപ് വേയും നിർമ്മിച്ച് ആയത് ഉപയോഗിച്ചുവരുന്നു. പാസഞ്ചർ കപ്പാസിറ്റിക്ക് തുല്യമായി ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയ, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിംഗ്യൂഷൻ എന്നിവയും സി.യു.ജി ഫോൺ സംവിധാനവും ബോട്ടുകളിൽ ഉപയോഗിച്ചുവരുന്നു. ബോട്ടുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസും ജീവനക്കാർക്കും, യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷയും സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് വഴി ഉറപ്പാക്കിയിട്ടുണ്ട്. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജല മലിനീകരണം എന്നിവ സംബന്ധിച്ച ബോധവൽക്കരണം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ ടെലിവിഷനുകളും സജ്ജീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിനായി ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പദ്ധതികളും പ്രവർത്തനങ്ങളുമാണ് നടത്തിയതെന്നും വിശദീകരിക്കുമോ; | (ബി) | കാലപ്പഴക്കം ചെന്നതും നിലവിൽ സർവ്വീസ് നടത്തുന്നതുമായ 14 ബോട്ടുകൾ കൂടി പിൻവലിച്ച് അത്യാധുനിക രീതിയിലുള്ള ബോട്ടുകളാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള ടൂറിസ്റ്റ് സർവ്വീസുകൾക്കു പുറമേ അത്യാധുനിക ഹൈസ്പീഡ് എ.സി. ബോട്ടുകൾ ഉപയോഗിച്ച് പുതിയതായി ആലപ്പുഴ – കുമരകം-കോട്ടയം, വൈക്കം - എറണാകുളം എന്നീ ടൂറിസ്റ്റ് സർവ്വീസുകൾ ആരംഭിക്കുന്നതിനായി ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചു വരികയുമാണ്. കൂടാതെ കൊല്ലം മേഖലയിൽ സീ-അഷ്ടമുടി എന്ന പേരിൽ ടൂറിസ്റ്റ് സർവ്വീസ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ജലഗതാഗത രംഗത്ത് നൂതന സാങ്കേതിക വിദ്യാ പ്രയോജനപ്പെടുത്തി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാബോട്ട് ഇന്ത്യയിൽ തന്നെ ആദ്യമായി നിർമ്മാണം പൂർത്തിയാക്കി വകുപ്പിന്റെ വൈക്കം - തവണക്കടവ് റൂട്ടിൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം മേഖലയിലെ ബോട്ടുകളിൽ സി.എൻ.ജി ഉപയോഗിച്ച് പ്രവർത്തിക്കുന്ന എൻജിൻ ഘടിപ്പിക്കുന്നതിനുള്ള നടപടികളും |

വകുപ്പുതലത്തിൽ പുരോഗമിച്ചുവരുന്നു. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജലമലിനീകരണം എന്നിവ സംബന്ധിച്ച ബോധവത്ക്കരണം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ ടെലിവിഷനുകൾ സജ്ജീകരിച്ചിട്ടുണ്ട്.

(സി) ജനങ്ങൾ അനുഭവിക്കുന്ന റോഡുവഴിയുള്ള യാത്രാ ക്ലേശം മറികടക്കുന്നതിനും അവരെ ജലഗതാഗതത്തിലേക്ക് ആകർഷിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

(സി) റോഡ് ഗതാഗതം വഴിയുള്ള തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ജലമാർഗ്ഗം വഴി ദൂരം കുറവുള്ള റൂട്ടുകൾ കേന്ദ്രീകരിച്ച് വകുപ്പ് ഫെറി, സർക്കുലർ സർവ്വീസുകൾ നടത്തിവരുന്നു. വകുപ്പിന്റെ വൈക്കം -തവണക്കടവ്, ഫോർട്ടുകൊച്ചി -മട്ടാഞ്ചേരി, വൈറ്റില – കാക്കനാട് എന്നീ സർവ്വീസുകൾ ഇതിനുദാഹരണങ്ങളാണ്. കരമാർഗ്ഗം ഏകദേശം 15 കിലോമീറ്ററോളം സഞ്ചരിക്കേണ്ട വൈക്കം -തവണക്കടവ് റൂട്ടിൽ നിലവിലുള്ള ബോട്ടുകൾക്ക് പുറമേ അത്യാധുനിക സംവിധാനങ്ങളടങ്ങിയ സോളാർ ബോട്ടുകൂടി ഉപയോഗിച്ച് ജലമാർഗ്ഗം 4 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഫെറി സർവ്വീസ് നടത്തിവരുന്നു. ഫോർട്ടുകൊച്ചി -വൈപ്പിൻ -മട്ടാഞ്ചേരി എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റോഡ് മാർഗ്ഗമുള്ള യാത്രാക്ലേശം ഒഴിവാക്കി എറണാകുളം സിറ്റിയുമായി ബന്ധപ്പെടുന്നതിന് സർക്കുലർ സർവ്വീസുകൾ സഹായിക്കുന്നു. വൈറ്റില – കാക്കനാട് സർവ്വീസ് മുഖേന ഏകദേശം 20 മിനിറ്റ് മാത്രം സമയംകൊണ്ട് ഇൻഫോപാർക്ക് മുതലായ ഗതാഗത തിരക്കേറിയ പ്രദേശങ്ങളിലേക്ക് കരമാർഗ്ഗമുള്ള തിരക്ക് മറികടന്ന് വേഗത്തിൽ എത്തിച്ചേരുന്നതിന് സർവ്വീസുകൾ സഹായിക്കുന്നു. ഒരേസമയം എട്ട് ബൈക്കുകൾ കയറ്റാവുന്ന 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ ഉപയോഗിച്ചുള്ള സർവ്വീസുകൾ, നിരത്തുകളിലെ തിരക്കുകൾ കുറയ്ക്കുന്നതിനും സഹായകരമാണ്.

സെക്ഷൻ ഓഫീസർ